## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 507** | **28-06-2022 - ൽ മറുപടിയ്ക്ക്**

## പൂത്തൃക്ക ഗവ. ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൂത്തൃക്ക ഗവ. ഹയർ സെക്കന്ററി സ്കൂളിൽ കിഫ്ബി മുഖാന്തിരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കരാർ നൽകിയെങ്കിലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | പൂത്തൃക്ക ഗവ. ഹയർ സെക്കന്ററി സ്കൂളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 99.98 ലക്ഷത്തിന്റെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. എന്നാൽ അംഗീകരിച്ച DPR പ്രകാരം പ്രവൃത്തി നടത്തുന്നതിന് സ്കൂൾ അധികൃതർ തടസ്സം ഉന്നയിച്ചതിനെ തുടർന്ന്, പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കില (KILA), സ്കൂൾ അധികൃതരുടെ അഭിപ്രായം കൂടി കണക്കിലെടുത്ത് പദ്ധതിയുടെ DPR റിവൈസ് ചെയ്യുകയും, ആയതിനു റിവൈസ്ഡ് TS നൽകുകയും ചെയ്തു.<br><br>പുതുക്കിയ DPR പ്രകാരമുള്ള പ്രവൃത്തി നടത്തുന്നതിന് പ്രസ്തുത സ്കൂളിലെ പൂർവ്വ വിദ്യാർത്ഥി സംഘടന തടസ്സം ഉന്നയിച്ചതിനെ തുടർന്ന്, പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതെ വന്നു. ടി പ്രവൃത്തി യഥാസമയം ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കരാറുകാരൻ, കരാറിൽ നിന്നും ഒഴിയുന്നതിനു വേണ്ട നടപടികൾക്കായി പദ്ധതി നിർവ്വഹണ ഏജൻസിയായ കിലയ്ക്ക് കത്ത് ലഭ്യമാക്കുകയും, അതിനുള്ള നടപടികൾ കിലയിൽ നടന്നു വരികയുമാണ്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിനുള്ള തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തി പൂർത്തികരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | ബന്ധപ്പെട്ട അധികൃതരുമായി ചർച്ചകൾ നടത്തി തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി മുന്നോട്ട് കൊണ്ടുപോകാനുള്ള നടപടികൾ കൈകൊള്ളേണ്ടത് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായതിനാൽ, ടി വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കാൻ കിലയോട് കിഫ്ബി ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ